കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആലക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്-2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.13/1574/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 04972-707698
തീയതി: 21-11-2018.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ആലക്കോട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: ആലക്കോട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-1, 2-3, 2-4 ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ 3-1, 3-2, 3-7 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ.

3) കാര്യാലയ പകർപ്പ്.

നം കെ.എസ്.എ/കെ.എൻ.ആർ/സി.13/1574/2018.

തീയ്യതി: 21-11-18

## കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-06-2017 മുതൽ 13-07-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ബി.സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | | 16-07-18 മുതൽ 28-07-18 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | 1) ശ്രീ.ഷാജു തോമസ്,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>2) ശ്രീ. ഷൈജു മാത്യു,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>3) ശ്രീ. അനൂപ് കെ കെ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>4) ശ്രീമതി. ബിസ്മി എസ് നായർ,<br>ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. മോളി മാനുവൽ | 01-04-17 മുതൽ<br>31-03-18 വരെ |
| സെക്രട്ടറി | ശ്രീ.എൻ എൻ പ്രസന്നകുമാർ | 1-4-17 മുതൽ<br>31-03-18 വരെ |
| (സി)നിർവ്വഹണഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| സെക്രട്ടറി | ശ്രീ.എൻഎൻ പ്രസന്നകുമാർ | 1-4-17 മുതൽ<br>31-3-18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1) ശ്രീമതി.നൈന.ആർ.<br>2) ശ്രീമതി.ശ്രീജ യു.<br>3) ശ്രീ.സജീവൻ.കെ. | 01.04.17 മുതൽ<br>31.07.17 വരെ<br>01.08.17 മുതൽ<br>30.11.17 വരെ<br>01.12.17 മുതൽ<br>31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീ.സുനീഷ്.കെ<br>ശ്രീ.നാരായണൻ പി പി<br>ശ്രീമതി.റൂബി ജന്നറ്റ് ജോണി<br>ശ്രീമതി.നിഷ ജോസ്<br>ശ്രീമതി.റൂബി ജന്നറ്റ് ജോണി<br>ശ്രീ.അനൂപ് ആർ എൽ | 1-4-17 മുതൽ<br>15-4-17 വരെ<br>16-4-17 മുതൽ<br>20-9-17 വരെ<br>21-9-17 മുതൽ<br>04-12-17 വരെ<br>05-12-17 മുതൽ<br>8-1-18 വരെ<br>9-1- 18 മുതൽ<br>5-2-18 വരെ<br>6-2-18 മുതൽ<br>31-3-18 വരെ |

| | | |
|---|---|---|
| വി.ഇ.ഒ.ആലക്കോട് | ശ്രീ.രഞ്ജിത്ത് കുമാർ കെ | 1-4-17 മുതൽ<br>31-3-18 വരെ |
| വി.ഇ.ഒ.തേർത്തല്ലി | ശ്രീ.അബ്ദുൾ ലത്തീഫ് എം കെ<br><br>ശ്രീ.ജയപ്രകാശ് എം കെ<br><br>ശ്രീ.റിനീഷ് കുമാർ എ | 1-4-17 മുതൽ<br>5-10-17 വരെ<br><br>6-10-17 മുതൽ<br>24-10-17 വരെ<br>25-10-17 മുതൽ<br>31-3-18 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ശ്രീലത പി വി<br><br>ശ്രീമതി.ശ്രീലത സികെ | 1-4-17 മുതൽ<br>16-12-17 വരെ<br>17 -12-17 മുതൽ<br>31-3-18 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.സിമ്മി പി എൻ<br><br>ഡോ.ബിൻസി ജോസഫ് | 1-4-17 മുതൽ 1-11-17വരെ<br>2-11-17മുതൽ<br>31-3-18വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബാബുലാൽ എൽ | 1-4-17 മുതൽ<br>31-3-18 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശേഷ ആർ ഖരെ<br><br>ഡോ.സിഡി ജോസ് | 1-4-17 മുതൽ<br>30-8-17 വരെ<br><br>31-8-17 മാട്ടൽ<br>31-3-18 വരെ |
| മെഡിക്കൽ ഓഫീസർ, GHD | ഡോ.ഗീതാകുമാരി.ബി.എസ്. | 1-4-17 മുതൽ<br>31-3-18 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ഷാജി തോമസ്<br><br>ശ്രീ.സതീശൻ എം | 1-4-17 മുതൽ<br>31-7-17 വരെ<br>1-8-17 മുതൽ<br>31-3-18 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 | |
| 13 | സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം- അവലോകനം | 1-13 | |
| | ഭാഗം 2-വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | വസ്തുനികുതി -അപാകങ്ങൾ | 2-1 | |
| 15 | തൊഴിൽ നികുതി അപാകങ്ങൾ | 2-2 | |
| 16 | ഡി.&ഒ ലൈസൻസ് അപാകങ്ങൾ | 2-3 | |

| | | | |
|---|---|---|---|
| 17 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-4 | |
| | ഭാഗം 3-ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി നൽകൽ. | 3-1 | |
| 19 | അംഗൻവാടി പോഷകാഹാരം -അപാകങ്ങൾ | 3-2 | |
| 20 | മാനസിക ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 3-3 | |
| 21 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ-സർക്കാർ നിർദേശം പാലിച്ചില്ല. രൂപയുടെ ചെലവ് 30,100 തടസ്സപ്പെടുത്തുന്നു | 3-4 | |
| 22 | വാട്ടർ ടാങ്ക് വിതരണംസർക്കാർ നിർദേശം പാലിച്ചില്ല. 78,625 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 | |
| 23 | വിവാഹധനസഹായം -സർക്കാർ നിർദേശം പാലിച്ചില്ല. 5,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-6 | |
| 24 | വാദ്യോപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല. രൂപയുടെ ചെലവ് 52,500 തടസ്സപ്പെടുത്തുന്നു | 3-7 | |
| 25 | ആലക്കോട് അംഗൻവാടിക്ക് വേണ്ടി വാങ്ങിയ സ്ഥലത്തിന്റെ പോക്കുവരവ് നടത്തി നികുതി അടവാക്കിയില്ല. | 3-8 | |
| 26 | പ്രവൃത്തി പൂർത്തീകരണ സർടിഫിക്കറ്റ് ഹാജരാക്കിയില്ല.44,31,000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-9 | |

| | | | |
|---|---|---|---|
| 27 | പട്ടിക ജാതി /വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം-13 പേർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-10 | |
| | ഭാഗം 4-ഓഡിറ്റ് പ്രത്യവലോകനം | | |
| 28 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 31 | വായ്പ / വായ്പാതിരിച്ചടവ് | 4-4 | |
| 32 | സ്ഥിര നിക്ഷേപം | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 27-03-17 തീയതിയിലെ 33/17 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2,65,95,180 |
| വരവ് | 20,54,30,000 |
| ആകെ | 23,20,25,180 |
| ചെലവ് | 22,66,72,000 |

| | |
|---|---|
| നീക്കിയിരിപ്പ് | 53,53,180 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-18 | 17-05-2018 | 21-05-2018 | 22-05-18 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 26-7-2018 മുതൽ 27-06-2018 വരെ | KSA/KNRC-13/1343/2018.<br>തീയതി:13-07-2018. |

## 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,15,37,628 |
| വരവ് | 11,99,66,597 |
| ആകെ | 14,15,04,225 |
| ചെലവ് | 11,33,81,214 |
| നീക്കിയിരിപ്പ് | 2,81,23,011 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-<br>ജനറൽ<br>(ACR പ്രകാരം) | | 1,83,96,259 | 1,83,96,259 | 1,83,96,259 | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 43,91,436 | 43,91,436 | 43,91,436 | |
| വികസന ഫണ്ട്-ടിഎസ്പി (ACR പ്രകാരം) | | | 1,52,938 | 1,52,938 | 1,52,938 | |
| മെയിന്റനൻസ്-റോഡ് (ACR പ്രകാരം) | | | 66,02,090 | 66,02,090 | 66,02,090 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 50,07,012 | 50,07,012 | 50,07,012 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 1,05,70,012 | 1,05,70,012 | 1,05,70,012 | |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 42,93,164 | 42,93,164 | 42,93,164 | |
| സാക്ഷരത | | 2,343 | 43,700 | 46,043 | 43,612 | 2431 |
| ദുരിതാശ്വാസനിധി | | 1,086 | 6,661 | 7,747 | 1,087 | 6,660 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 1,84,18,486 | 1,84,18,486 | 1,84,18,486 | |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 1,226 | 10,73,114 | 10,74,340 | 10,73,521 | 819 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ICDS | | 578248 | 829226 | 14,07,474 | 55,35,38 | 8,53,936 |
| TSC | | | 1,18,335 | 1,18,335 | 1,18,335 | |
| Solid Waste Management | | | 15,00,000 | 15,00,000 | 0 | 15,00,000 |
| WGDP | | 5,70,474 | 17,97,897 | 23,68,371 | 18,02,358 | 5,66,013 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| UAS | | 0 | 28,440 | 28,440 | 28,440 | |
| FHWDM | | 0 | 3,00,000 | 3,00,000 | 3,00,000 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 6,10,000 | 6,10,000 | 6,08,413 | 1,587 |
| | ജില്ലാ പഞ്ചായത്ത് | 5,350 | 28,40,000 | 28,45,350 | 10,24,158 | 18,21,192 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1,25,83,410 | 1,31,69,000 | 2,57,52,410 | 1,48,23,362 | 1,09,29,048 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 13,958 | 1,21,17,204 | 12131162 | 1,07,40,716 | 13,90,446 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 11,45,61,649 | 149 | 6,54,30,315 | 16 | 65 | 70 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ സംക്ഷിപ്തം:

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 5 | 3,88,165 | 19,09,134 | 83.33 |
| 2 | വെറ്ററിനറി സർജ്ജൻ | 9 | 7 | 98,91,000 | 86,89,373 | 77.78 |
| 3 | മെഡിക്കൽഓഫീസർ (പി.എച്ച്.സി) | 7 | 7 | 12,22,000 | 12,13,086 | 100 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 1 | 6,00,000 | 5,00,000 | 50 |
| 5 | വി.ഇ.ഒ/ലേഡി വി.ഇ.ഒ. | 9 | 7 | 92,70,000 | 72,45,000 | 77.78 |
| 6 | വി.ഇ.ഒ. II | 4 | 4 | 37,50,000 | 20,10,000 | 100 |
| 7 | ICDS സൂപ്പർവൈസർ | 6 | 3 | 65,88,150 | 45,39,614 | 50 |
| 8 | സെക്രട്ടറി | 25 | 17 | 1,79,79,729 | 77,66,245 | 68 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 130 | 83 | 5,66,51,674 | 2,79,90,245 | 68 |
| 10 | ഹെഡ്മാസ്റ്റർ, ജി.യു.പി.സ്കൂൾ, പരപ്പ | 6 | 5 | 5,66,51,674 | 2,79,90,500 | 63.85 |

| | | | | | | |
|---|---|---|---|---|---|---|
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 33,46,605 | 23,93,416 | 100 |
| | ആകെ | 214 | 149 | 11,45,61,649 | 6,54,30,315 | 69.63 |

## 1-7 തൊഴിലുറപ്പ് പദ്ധതി

2017-18 സാമ്പത്തിക വർഷത്തിൽ 273 പദ്ധതികളാണ് നടപ്പിലാക്കിയത്. പ്രധാനമായും മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം തുടങ്ങിയ മണ്ണ് ജലസംരക്ഷണ പ്രവൃത്തികളാണ് നടപ്പിലാക്കിയിരിക്കുന്നത്. ഈ പദ്ധതികൾ വഴി ഗ്രാമപഞ്ചായത്തിൽ 56079 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,226 | 10,73,114 | 10,74,340 | 10,73,521 | 819 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 1,84,18,486 | 1,84,18,486 | 1,84,18,486 | |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 28,440 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 64,36,700 | 585 |
| വിധവാപെൻഷൻ | 1,36,49,400 | 1124 |
| വാർദ്ധക്യകാലപെൻഷൻ | 4,39,73,600 | 3586 |
| വികലാംഗപെൻഷൻ | 39,72,500 | 351 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-07-2018-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42,766/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച മാന്വൽ പ്രകാരം പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജീവനക്കാർക്ക് കൃത്യമായ ചുമതലാ വിഭജനം ഓഫീസ് ഓർഡർ വഴി നല്കുന്നുണ്ട്. പ്രതിമാസ മീറ്റിംഗുകൾ നടക്കുന്നുണ്ട്. കൃത്യമായി ആവശ്യമായ നിർദേശങ്ങൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഗ്രാമപഞ്ചായത്ത് ഓഫീസിന് മുൻവശത്ത് പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ തയ്യാറാക്കിയിട്ടുണ്ട്. വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കാത്തതും അടുത്ത വർഷത്തേക്കുള്ള സ്റ്റോക്ക് ആവശ്യകത കണക്കാക്കുന്നതിന് മുൻവർഷങ്ങളിലെ ഉപയോഗത്തിനനുസരിച്ചുള്ള വിവരങ്ങൾ തയ്യാറാക്കാത്തതും അപാകമാണ്. പ്രതിമാസ യോഗങ്ങളിൽ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനോടൊപ്പം വരവ് ചെലവുകളെ സംബന്ധിച്ച അവലോകനവും നടത്തേണ്ടതാണ്. വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനോടൊപ്പം നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും വിലയിരുത്തേണ്ടതാണ്.

ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ഉണ്ടാകാത്തത് വീഴ്ചയാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതിലേക്ക് ഭരണ സമിതിയുടേയും സ്റ്റാന്റിംഗ് കമ്മറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-02-2018 | 01/2018 | 08-02-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-06-2011 മുതൽ 02-07-2011 വരെ | 2006-07 മുതൽ 2010-11 വരെ | 29-07-2011 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1) ഡി സി ബി പത്രിക പ്രകാരമുള്ള വസ്തു നികുതി കുടിശിക വസ്തു നികുതി എന്നിവ വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി കുടിശിക വസ്തു നികുതി എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ഡി സി ബി പത്രികയിലെയും ധനകാര്യ പത്രികയിലെയും തുകകൾ താഴെ ചേർക്കുന്നു.

| | ഡി സി ബി | വാർഷിക ധനകാര്യ |
|---|---|---|

| | പത്രിക പ്രകാരം ₹ | | | പത്രിക പ്രകാരം ₹ | | |
|---|---|---|---|---|---|---|
| | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് |
| കുടിശ്ശിക | 43,27,952 | 39,56,266 | 5,31,090 | 28,86,578 | 38,63,311 | 5,87,214 |
| തൻവർഷം | 49,79,734 | 44,45,191 | 2,98,564 | 56,30,113 | 45,29,796 | 2,91,676 |
| ആകെ | 93,07,686 | 84,01,457 | 8,00,123 | 85,16,691 | 83,93,107 | 7,93,773 |

2) വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി കുടിശിക വസ്തു നികുതി ഡിമാൻഡ്, കളക്ഷൻ ബാലൻസ് എന്നിവ പരസ്പരം പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രികപ്രകാരം ₹ | | |
|---|---|---|---|
| | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് |
| വസ്തു നികുതി റെസിഡൻഷ്യൽ | 38,84,523 | 28,71,858 | 1,98,952 |
| വസ്തു നികുതി റെസിഡൻഷ്യൽ കുടിശിക | 7,02,194 | 26,01,328 | 4,00,397 |
| വസ്തു നികുതി നോൺ റെസിഡൻഷ്യൽ | 17,45,590 | 16,57,938 | 92,724 |

3) ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രികയിലെ ഷെഡ്യൂൾ I-18 പ്രയർ പീരീഡ് ഐറ്റംസ് പ്രകാരം വസ്തു നികുതി ഡിമാന്റ് 9,11,491/- രൂപയുടെ കുറവ് വരുത്തിയിട്ടുള്ളതായി കാണുന്നു. ഇതിന് ആധാരമായ കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

4) പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital works in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് ഈ തുക അതാതു ആസ്തികളിലേയ്ക്ക് വരവ് വയ്ക്കുന്നത് കണക്കാക്കുന്നതിന് പഞ്ചായത്ത് വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5) ഗ്രാന്റ് ആയി ലഭിച്ച തുകകളിൽ നിന്നും capital contribution, revenue contribution എന്നിവ കൃത്യമായി കണക്കാക്കുന്നതിന് പഞ്ചായത്ത് വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6) തനതു ഫണ്ടിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള വിവിധ ഫണ്ടുകളുടെ വരവ് ചെലവ് നിരീക്ഷിക്കുന്നതിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7) താഴെ പറയുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ

റെന്റ് രജിസ്റ്റർ

വസ്തു നികുതി - റമ്മിഷൻ രജിസ്റ്റർ

വസ്തു നികുതി - റൈറ്റ് ഓഫ് രജിസ്റ്റർ

മിസ്സലേനിയസ് ഡിമാൻഡ് രജിസ്റ്റർ

ഡിപ്പോസിറ്റ് രജിസ്റ്റർ

8) താഴെ പറയുന്ന രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ

ഡി & ഒ ലൈസൻസ് ഡിമാൻഡ് രജിസ്റ്റർ

വസ്തു നികുതി സഞ്ചയ ഡിമാൻഡ് രജിസ്റ്റർ

9) തൻവർഷ കുടിശിക തുകയ്ക്ക് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ നൽകിയിട്ടുണ്ടെങ്കിലും (I-16 ഷെഡ്യൂൾ പ്രകാരം 3,53,333/- രൂപ) പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

10) താഴെ പറയുന്ന രജിസ്റ്ററുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

അസറ്റ് രജിസ്റ്റർ - ബാലൻസ് ഷീറ്റ് ബി -11 ഷെഡ്യൂൾ

സ്റ്റോക്ക് രജിസ്റ്റർ - ബാലൻസ് ഷീറ്റ് ബി -14 ഷെഡ്യൂൾ

ലോൺ രജിസ്റ്റർ - ബാലൻസ് ഷീറ്റ് ബി -5 ഷെഡ്യൂൾ

അഡ്വാൻസ് രജിസ്റ്റർ - ബാലൻസ് ഷീറ്റ് ബി -18 ഷെഡ്യൂൾ

## 1-13 സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം - അവലോകനം

21 മെമ്പർമാരുള്ള ഭരണസമിതി 2017-18 സാമ്പത്തിക വർഷത്തിൽ 22 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 16 തവണയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 17 തവണയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 17 തവണയും, ആരോഗ്യ വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 15 തവണയും യോഗം ചേർന്നിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷത്തിൽ ശരാശരി 6 തവണ വീതം യോഗം ചേർന്നതായി മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം മീറ്റിംഗുകളിലും അജണ്ട രേഖപ്പെടുത്താതെ പേരിനു മാത്രം യോഗം ചേർന്നതായിട്ടാണ് കാണുന്നത്. ഇതു സൂചിപ്പിക്കുന്നത് നിലവിലുള്ള വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യമായി പ്രവർത്തിക്കുന്നില്ല എന്നാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വികസന കാര്യങ്ങളിൽ പ്രധാന പങ്കു വഹിക്കുന്ന വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം പ്രത്യേകമായി ചുവടെ കൊടുക്കുന്നു.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ ഉൾപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ഈ റിപ്പോർട്ടിലെ മൂന്നാം ഭാഗത്ത് ഉൾപ്പെടുത്തിയത് പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഉണ്ടാവാതിരിക്കാൻ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ സജീവമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി:

ആലക്കോട് ഗ്രാമപഞ്ചായത്തിൽ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ 5 അംഗങ്ങളാണുള്ളത്. സ്റ്റാൻഡിംഗ് കമ്മറ്റി ഓഡിറ്റ് വർഷത്തിൽ എല്ലാ മാസത്തിലും യോഗം ചേർന്നിട്ടുണ്ട്.വികേന്ദ്രീകൃത പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട സമയാസമയങ്ങളിലുള്ള

വിലയിരുത്തലുകൾ എല്ലാ യോഗങ്ങളിലും നടത്തിയിട്ടുണ്ട്. എല്ലാ സ്റ്റാൻഡിംഗ് കമ്മറ്റി യോഗങ്ങളിലും അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. എന്നാൽ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചില പ്രധാന ഉത്തരവാദിത്തങ്ങൾ നിറവേറ്റപ്പെട്ടതായി കാണുന്നില്ല. അവ താഴെ കൊടുക്കുന്നു.

ആസൂത്രണ പ്രക്രിയ സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയല്ല.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പശ്ചാത്തല മേഖലയിൽ (റോഡ്) നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി പറഞ്ഞിരിക്കുന്നത് പഞ്ചായത്തിന്റെ റോഡുകൾ തകർന്നു പോകുന്നതൊഴിവാക്കുന്നതിനായി കാനകളും കലുങ്കുകളും നിർമ്മിക്കണമെന്നുമാണ്. പ്രധാനപ്പെട്ട പ്രൊജക്ട് ആശയങ്ങളായി സ്റ്റാറ്റസ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതും സമാനമായ ആശയങ്ങൾ തന്നെയാണ്. വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും ഇവയ്ക്ക് അനുപൂരകമാണ്. എന്നാൽ പ്രൊജക്ടുകൾ നടപ്പിലാക്കിയത് പരിശോധിച്ചതിൽ നിന്നും റോഡുകൾക്ക് കാനനിർമ്മിക്കുന്നതിനും കലുങ്കുകൾ നിർമ്മിക്കുന്നതിനും നാമമാത്രമായ പരിഗണനയാണ് നൽകിയിരിക്കുന്നതെന്നാണ് കാണുന്നത്. കൂടാതെ പ്രൊജക്ടുകൾ തയ്യാറാക്കുന്നത് ഗ്രാമപഞ്ചായത്തിനെ ഒറ്റ യൂണിറ്റായി പരിഗണിച്ചായിരിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പറയുന്നതിനനുസൃതമായി, ചെറിയ ഒരുപാട് റോഡ് പ്രവൃത്തികൾക്ക് പകരമായി കൂടുതൽ തുക അനുവദിച്ച് പ്രവർത്തികളുടെ എണ്ണം കുറക്കണമെന്ന നിർദ്ദേശവും വർക്കിംഗ് ഗ്രൂപ്പ് വെച്ചതായി കാണുന്നുണ്ട്. എന്നാൽ ഇക്കാര്യവും പ്രൊജക്ടുകളുടെ രൂപീകരണ വേളയിൽ പരിഗണിക്കപ്പെട്ടതായി കാണുന്നില്ല.

കൂടാതെ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കണമെന്നും നെടുവോട് കമ്പിപ്പാലം കോൺക്രീറ്റ് പാലമാക്കണമെന്നും ബീംബുകാട് - കരിങ്കയം കടവിൽ കമ്പിപ്പാലം നിർമ്മിക്കണമെന്നും സ്റ്റാറ്റസ് റിപ്പോർട്ടിൽ പറയുന്നുവെങ്കിലും ഇവയുടെ സാധ്യതകളെ സംബന്ധിച്ച് വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചർച്ച ചെയ്തിട്ടില്ല.

വികസന രേഖയിലെ പരാമർശങ്ങൾ വേണ്ട വിധത്തിൽ പരിഗണിക്കപ്പെട്ടില്ല.

പതിമൂന്നാം പഞ്ചവൽസര പദ്ധതിലേക്കുള്ള വികസന രേഖയിൽ അംഗൻവാടികളെക്കുറിച്ച് പരാമർശിക്കുന്നതിൽ ആകെയുള്ള 38 അംഗൻവാടികളിൽ 23 ലും കുടിവെള്ള സൗകര്യമില്ലയെന്നു പറയുന്നുണ്ടെങ്കിലും ആദ്യ വർഷ പദ്ധതിയായ 2017-18 വർഷത്തിൽ ഇതിനായി ഒരു പ്രൊജക്ട് പോലും നടപ്പിലാക്കിയിട്ടില്ല. ഇത്തരം അപാകങ്ങളിലേക്ക് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാൻഡിംഗ് കമ്മറ്റി വിലയിരുത്തിയിട്ടില്ല.

വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കീഴിൽ വരുന്ന മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പ്രകാരം തൃപ്തികരമല്ല. പരിശോധനാഫലമായുള്ള പ്രധാനപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) വർക്കിംഗ് ഗ്രൂപ്പ് 4 തവണ യോഗം കൂടിയിട്ടുണ്ടെങ്കിലും ഒരു തവണത്തെ മിനുട്സ് പോലും ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിരിക്കുന്ന വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പട്ടികയിൽ

പെട്ടവരല്ല മിനുട്സിൽ ഒപ്പിട്ടിരിക്കുന്നത്. 05-04-2017 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ആകെ പങ്കെടുത്ത 15 പേരിൽ 4 അംഗങ്ങൾ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ പെട്ടവരല്ലായെങ്കിൽ 24-04-2017-ന് ചേർന്ന 9 അംഗങ്ങൾ മാത്രം ഹാജരായിരുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 7 പേരും മരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ പെട്ടവരല്ലായിരുന്നു.

3) ഓഡിറ്റ് വർഷത്തിൽ 83 മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഒരു പ്രവർത്തി പോലുംവർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ചർച്ച ചെയ്യുതായി രേഖപ്പെടുത്തിയിട്ടില്ല.

4) പ്രൊജക്ടുകളുടെ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ട മരാമത്ത് പ്രവർത്തികളുടെ വർക്കിംഗ് ഗ്രൂപ്പ് ഏതെങ്കിലും മരാമത്ത് പ്രവർത്തി മോണിറ്ററിംഗ് നടത്തിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

മത്സ്യമാർക്കറ്റ്, മാലിന്യ സംസ്കരണ കേന്ദ്രം എന്നിവ ചർച്ച ചെയ്യപ്പെട്ടിട്ടില്ല.

2017-18 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ മുൻകാല ആസൂത്രണത്തിലെ പാളിച്ചകളുടെ ഉദാഹരണമായി എടുത്തു പറഞ്ഞിരിക്കുന്നത് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലുള്ള മാലിന്യ സംസ്കരണ പ്ലാന്റ്, ആലക്കോട് ടൗണിൽ മൽസ്യ മാർക്കറ്റിന് വേണ്ടി നിർമ്മിച്ച കെട്ടിടം എന്നിവ പാഴായി പോയതാണ്. (ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുണ്ട്). എന്നാൽ ഇവയുടെ പൂർത്തീകരണം സംബന്ധിച്ച് നിലവിലുള്ള പ്രതിസന്ധികൾ വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചർച്ച ചെയ്തിട്ടില്ല.

വികേന്ദ്രീകൃതാസാസൂത്രണത്തിന്റെ ഭാഗമായി പഞ്ചായത്തിൽ നടപ്പിലാക്കപ്പെട്ട പ്രൊജക്ടുകളുടെ നിർവ്വഹണ ഘട്ടങ്ങളിൽ വിലയിരുത്തൽ നടത്തിയതൊഴിച്ചാൽ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രൊജക്ടുകളുടെ രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം, പൂർത്തിയാക്കിയ പ്രൊജക്ടുകളുടെ വിലയിരുത്തൽ എന്നിവ നിർവ്വഹിച്ചിട്ടില്ല. മാത്രമല്ല ആലക്കോട് ഗ്രാമപഞ്ചായത്ത് പോലെ മലയോരമേഖലയിൽ പ്രവർത്തിക്കുന്ന കാർഷിക പ്രാധാന്യമുള്ള പഞ്ചായത്തിൽ കൃഷിയോഗ്യമായ പൊതു/സ്വകാര്യ സ്ഥലങ്ങൾ കണ്ടെത്തി യോജിച്ച കൃഷി രീതികൾ ആവിഷ്കരിക്കുക, കാർഷിക ഉൽപന്നങ്ങൾ ഇടനിലക്കാരനില്ലാതെ വിറ്റഴിക്കുന്നതിന് പ്രാദേശിക വിപണികൾ ഒരുക്കുക തുടങ്ങിയ കർഷകോപകാരപ്രദമായ കാര്യങ്ങളിലേക്ക് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ പതിഞ്ഞിട്ടില്ല. മേൽപ്പറഞ്ഞ വിഷയങ്ങളിലാക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി -അപാകങ്ങൾ

1) നികുതി നിരക്ക് – സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലിൽ അപാകം:

ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണം അന്തിമ വിജ്ഞാപനം (നം.എ2-7133/11 തിയ്യതി 17-11-2011) പ്രകാരം ഇതര വ്യവസായത്തിനുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന നിരക്ക് ₹50/ച.മീ.ആണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇത് ₹40/ച.മീ. എന്നാണ് ചേർത്തിരിക്കുന്നത്. ഇത് മൂലം അന്തിമ നികുതി നിർണ്ണയത്തിനു ശേഷം നികുതി നിർണ്ണയം നടത്തിയ ഇതര വ്യവസായത്തിനുള്ള കെട്ടിടങ്ങളുടെ നികുതി വരുമാനത്തിൽ പഞ്ചായത്തിന് നഷ്ടം ഉണ്ടാകുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിടം ഉടമ | വാർഡ്/കെട്ടിട നം./വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി@ ₹40/ച.മീ. | ഈടാക്കേണ്ട നികുതി@ ₹50/ച.മീ | കുറവ് |
|---|---|---|---|---|
| കെ.വി.ജോർജ്ജ് | VI/3A/3059 ച.മീ. | 1414 | 2120 | 706 |

സഞ്ചയ സോഫ്റ്റ്‌വെയറിൽ ശരിയായ നിരക്ക് രേഖപ്പെടുത്തി വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതും നഷ്ടം വന്നിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതുമാണ്.

2) കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി - പഞ്ചായത്തിന് നഷ്ടം:

17-11-2011-ലെ എ2-7133/11 ആലക്കോട് ഗ്രാമ പഞ്ചായത്ത് വസ്തുനികുതി പരിഷ്കരണം അന്തിമ വിജ്ഞാപനം അനുസരിച്ച് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ച.മീ. വരെ ₹40/ച.മീ. നിരക്കിലും 100 ച.മീ. ന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ₹60/ച.മീ. നിരക്കിലുമാണ് നികുതി കണക്കാക്കേണ്ടത്. എന്നാൽ സഞ്ചയ ഡാറ്റാ പ്രകാരം താഴെ പറയുന്ന 100 ച.മീ.ന് മുകളിൽ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിലാണ് നിലവിൽ നികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | കെട്ടിടം ഉടമ | വാർഡ്/കെട്ടിട നം./വിസ്തീർണ്ണം | നികുതി നിർണ്ണയം നടത്തിയ തിയ്യതി | നിർണ്ണയിച്ച നികുതി@ ₹40/ച.മീ. 20% വർദ്ധന 5% LC | ഈടാക്കേണ്ട നികുതി@ ₹60/ച.മീ. 20% വർദ്ധന 5% LC | കുറവ് |
|---|---|---|---|---|---|---|
| 1 | കാഞ്ഞമലയിൽ ജോർജ്ജ് | VII/966 132 ച.മീ. | 2013 ഒന്നാം | 6,653 | 9,980 | 3,327 |

| | | | | | | |
|---|---|---|---|---|---|---|
| | ജോസഫ് | | അർദ്ധ വർഷം മുതൽ | | | |
| 2 | കാഞ്ഞമലയിൽ ജോർജ്ജ് ജോസഫ് | VII/967<br>120 ച.മീ | 2013 ഒന്നാം അർദ്ധ വർഷം മുതൽ | 6,048 | 9,072 | 3,024 |
| 3 | കാഞ്ഞമലയിൽ ജോർജ്ജ് ജോസഫ് | VII/974<br>132 ച.മീ. | 2013 ഒന്നാം അർദ്ധ വർഷം മുതൽ | 6,653 | 9,980 | 3,327 |
| | | | | | ആകെ | 9,678 |

കുറവ് വന്ന തുക (മുൻ വർഷങ്ങളിലേത് ഉൾപ്പെടെ) ഈടാക്കേണ്ടതാണ്.

3) മേൽ പരാമർശിച്ചിരിക്കുന്ന കെട്ടിട ഉടമയായ കാഞ്ഞമലയിൽ ജോർജ്ജ് ജോസഫിന്റെ പേരിൽ മറ്റ് കെട്ടിടങ്ങൾ ഒന്നും നിലവിലില്ല എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഏഴാം വാർഡിലെ 965 മുതൽ 984 വരെ തുടർച്ചയായി വരുന്ന നമ്പറുകൾ ഉള്ള കെട്ടിടങ്ങൾ കാഞ്ഞമലയിൽ ജോർജ്ജ് ജോസഫിന്റെ പേരിലുള്ളതാണ്. കൂടാതെ 2017-18 വർഷം നമ്പർ നൽകിയ 953A, 953B എന്നീ കെട്ടിടങ്ങളും ടിയാന്റെ പേരിലുള്ളതാണ്. മുകളിൽ പറഞ്ഞ നമ്പരുകൾ ഒരേ കെട്ടിടത്തിന്റെ തന്നെ ഭാഗങ്ങളാണോ എന്ന് പരിശോധിക്കേണ്ടതും 100 ച.മീ-ൽ കൂടുതലുള്ള കെട്ടിടമാണെങ്കിൽ ആയതിന്റെ നിരക്കിൽ നികുതി പുനർനിർണ്ണയിച്ച് നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

4) ഏഴാം വാർഡിലെ 943 മുതൽ 964 വരെ നമ്പർ ഉള്ള കെട്ടിടങ്ങൾ കാഞ്ഞമല, ജോർജ്ജ് ജോസഫ്, ജോയി ജോസഫ്, സാബു ജോസഫ്, ഷാജു ജോസഫ് എന്നിവരുടെ ഉടമസ്ഥതയിലുള്ളതാണ്. ഇവ ഒരേ കെട്ടിടത്തിന്റെ തന്നെ ഭാഗങ്ങളാണോ എന്ന് പരിശോധിക്കേണ്ടതും 100 ച.മീ-ൽ കൂടുതലുള്ള കെട്ടിടമാണെങ്കിൽ ആയതിന്റെ നിരക്കിൽ നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

കൂടാതെ ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടോ എന്ന് പരിശോധിച്ച് നികുതി പുനർ നിർണ്ണയം നടത്തി നികുതി നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

5) കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിച്ചതു മുതൽ കെട്ടിട നമ്പർ നൽകി നികുതി നിശ്ചയിച്ചതു വരെയുള്ള സംഗതികൾ ഒറ്റ ഫയലായി സൂക്ഷിക്കേണ്ടതാണെങ്കിലും ഫയൽ അപ്രകാരം ക്രമീകരിച്ചിട്ടില്ല. ഫയലുകൾ ഇത്തരത്തിൽ ക്രമീകരിക്കേണ്ടതാണ്.

6) വസ്തു നികുതി നിർണ്ണയത്തിലെ അപാകം-കുറഞ്ഞനികുതി ചുമത്തി.

കെട്ടിടത്തിന്റെ തരം അനുസരിച്ച് നിശ്ചയിച്ചിരിക്കുന്ന നിരക്കുകളിൽ നിന്ന് വ്യത്യസ്തമായ നിരക്കിൽ നികുതി നിർണ്ണയം നടത്തിയതു മൂലം നിർണ്ണയിച്ച നികുതിയിൽ കുറവ്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വാർഡ്/കെട്ടിട നം. | XII/5A |
| ഉടമ | ദേവസ്യ മഞ്ഞാമറ്റത്തിൽ |
| വിസ്തീർണ്ണം | 36.6ച.മീ. |
| ഉപയോഗ ക്രമം | ഇതര വ്യവസായം |
| ഇളവ് | |
| മേഖല | 10% |
| കുറഞ്ഞ തരം മേൽക്കൂര | 10% |
| നിർണ്ണയിച്ച നികുതി | 1,231/- (1172+59) (@40/ച.മീ)<br>(ആകെ ഇളവ് 20%) |
| തിയ്യതി | 27-02-2018 |
| യഥാർത്ഥത്തിൽ ഈടാക്കേണ്ട നികുതി | 1538/- (1464+74) (@50/ച.മീ.)<br>(ആകെ ഇളവ് 20%) |
| കുറവ് വന്ന തുക | 307/- |

നികുതി പുനർ നിർണ്ണയം നടത്തേണ്ടതും നഷ്ടതുക ഈടാക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി അപാകങ്ങൾ

1) തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല:

ആലക്കോട് ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|

| | | |
|---|---|---|
| 1 | കള്ള് ഷാപ്പ് നം.6 | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ(സ്ഥാപനം+ജീവനക്കാർ) |
| 2 | കള്ള് ഷാപ്പ് നം.9 | 2017-18 രണ്ടാം അർദ്ധ വർഷം (സ്ഥാപനം+ജീവനക്കാർ) |
| 3 | കള്ള് ഷാപ്പ് നം.10 | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (സ്ഥാപനം+ജീവനക്കാർ) |
| 4 | കള്ള് ഷാപ്പ് നം.11 | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (സ്ഥാപനം+ജീവനക്കാർ) |
| 5 | കള്ള് ഷാപ്പ് നം.12 | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (സ്ഥാപനം+ജീവനക്കാർ) |
| 6 | കള്ള് ഷാപ്പ് നം.18 | 201-17 ഒന്നാം അർദ്ധവർഷം (സ്ഥാപനം+ജീവനക്കാർ) |
| 7 | കള്ള് ഷാപ്പ് നം.24 | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (സ്ഥാപനം+ജീവനക്കാർ) |
| 8 | കള്ള് ഷാപ്പ് നം.28 | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (സ്ഥാപനം+ജീവനക്കാർ) |
| 9 | കള്ള് ഷാപ്പ് നം.29 | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (സ്ഥാപനം+ജീവനക്കാർ) |
| 10 | തടിക്കടവ് സഹകരണ ബാങ്ക് | സ്ഥാപന തൊഴിൽ നികുതി 2017-18 ഒന്നാം അർദ്ധ വർഷം |
| 11 | സി.പി ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് | സ്ഥാപന തൊഴിൽ നികുതി 2017-18 ഒന്നാം അർദ്ധ വർഷം |

| | | |
|---|---|---|
| | സെന്റർ | |
| 12 | സപ്ലൈകോ, തേർത്തല്ലി | സ്ഥാപന തൊഴിൽ നികുതി 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 13 | പോസ്റ്റ് ഓഫീസ്, ചിറ്റടി | 2017-18 രണ്ടാം അർദ്ധവർഷം (ജീവനക്കാർ) |
| 14 | പോസ്റ്റ് ഓഫീസ്, കൊട്ടയാട് | 2017-18 ഒന്നാം അർദ്ധ വർഷം (ജീവനക്കാർ) |
| 15 | പോസ്റ്റ് ഓഫീസ്, കുട്ടാപറമ്പ് | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (ജീവനക്കാർ) |
| 16 | പോസ്റ്റ് ഓഫീസ്, ഒറ്റത്തൈ | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (ജീവനക്കാർ) |
| 17 | പോസ്റ്റ് ഓഫീസ്, തേർത്തല്ലി | 2017-18 രണ്ടാം അർദ്ധവർഷം (ജീവനക്കാർ) |
| 18 | പോസ്റ്റ് ഓഫീസ്, വിജയഗിരി | 2017-18 രണ്ടാം അർദ്ധവർഷം (ജീവനക്കാർ) |
| 19 | ബി.എസ്.എൻ.എൽ | സ്ഥാപന തൊഴിൽ നികുതി 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 20 | കൊല്ലം പറമ്പിൽ ഫ്യൂവൽസ് | സ്ഥാപന തൊഴിൽ നികുതി 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 21 | ഡെന്റൽ കെയർ സെന്റർ, ആലക്കോട് | സ്ഥാപന തൊഴിൽ നികുതി 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

| | | |
|---|---|---|
| 22 | പി.സി.എസ് ഫ്യുവൽ സ്റ്റേഷൻ, ആലക്കോട് | സ്ഥാപന തൊഴിൽ നികുതി 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 23 | തളിപറമ്പ ബ്ലോക്ക് അഗ്രികൾച്ചർ ഇമ്പ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | സ്ഥാപന തൊഴിൽ നികുതി 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 24 | ക്ഷീര വികസന സർവ്വീസ് യൂണിറ്റ്, ആലക്കോട് | സ്ഥാപന തൊഴിൽ നികുതി 2017-18 രണ്ടാം അർദ്ധ വർഷം |

തൊഴിൽ നികുതി ഈടാക്കാൻ വിട്ടു പോയ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

2) ആലക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ, ഡ്രൈവിംഗ് സ്കൂളുകൾ, പൊതുവിതരണ സ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്നും നികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ആലക്കോട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ഓരോ വാർഡിലും പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ വിവരം ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നത് വഴി ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയോ എന്ന് മനസ്സിലാക്കുവാൻ സാധിക്കും. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരികളിൻ നിന്നും തൊഴിൽ നികുതി ഈടാക്കി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4) ആലക്കോട് ഗ്രാമ പഞ്ചായത്തിൽ 60 ദിവസത്തിലധികം ജോലി ചെയ്ത് മറ്റ് സ്ഥലങ്ങളിലേക്ക് സ്ഥലം മാറി പോകുകയോ റിട്ടയർ ചെയ്യുകയോ ചെയ്ത വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി എന്ന് ഉറപ്പു വരുത്തുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരൻ | തസ്തിക | ട്രാൻസ്ഫർ തിയ്യതി | തൊഴിൽ നികുതി കാലയളവ് |
|---|---|---|---|---|---|
| 1 | കൺസ്യൂമർ | ജയേഷ്എ. | മാനേജർ | 13-10-17 | ഒന്നാം |

| | | | | | |
|---|---|---|---|---|---|
| | ഫെഡ് ലിക്വർ ഷോപ്പ് | | | | അർദ്ധവർഷം |
| 2 | ജി.എച്ച്.എസ്. രയരോം | ഉണ്ണികൃഷ്ണൻ കെ.കെ | എച്ച്.എം. | 08-09-17 (joined on 02-06-17) | ഒന്നാം അർദ്ധവർഷം |

ട്രാൻസ്ഫർ ആയി പോകുന്ന ജീവനക്കാർ മാറിപ്പോകുന്ന സ്ഥലത്തെ തദ്ദേശ ഭരണ സ്ഥാപനത്തിൽ നികുതി ഒടുക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

5) കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം സെക്രട്ടറിക്ക് നോട്ടീസ് മൂലം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും, ഹോട്ടലിന്റെയോ, ബോർഡിംഗിന്റെയോ, ലോഡ്ജിംഗ് ഹൗസിന്റെയോ, ക്ലബ്ബിന്റെയോ താമസത്തിനുള്ള മുറികളുടെയോ ഏതൊരു നടത്തിപ്പുകാരനോടും അല്ലെങ്കിൽ മാനേജരോടും ആ കെട്ടിടമോ, ഭൂമിയോ, ഹോട്ടലോ, ബോർഡിംഗോ ,ലോഡ്ജിംഗ് ഹൗസോ, ക്ലബ്ബോ, താമസത്തിനുള്ള മുറികളോ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ കലയേയോ ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക ഏതെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ചു കൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ്, നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. ആലക്കോട് ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടില്ല. ഇത്തരം നടപടികളിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. നികുതി പിരിവിലുണ്ടായ അപാകങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങളിലേക്കും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 ഡി.&ഒ ലൈസൻസ് അപാകങ്ങൾ

ആലക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി&ഒ ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്:

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തെ ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയത് വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ അല്ലാത്തതിനാൽ ഈടാക്കിയ തുകയിൽ കുറവുള്ളതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ/ആവശ്യം | വാർഡ്/ കെട്ടിട നം. | ദിവസ വിറ്റ വരവ് | അടച്ച തുക/രസീത് നം./തിയ്യതി | അടക്കേണ്ട തുക | കുറവു വന്ന |
|---|---|---|---|---|---|---|

| | | | | ₹ | ₹ | തുക ₹ |
|---|---|---|---|---|---|---|
| 1 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ആലക്കോട് | VII/966 | 1,25,000 | 1000<br>11601103922<br>02-02-2017 | 4000 | 3000 |
| 2 | ഗോപാലൻ വെങ്ങലാട്ട്, പി.സി.എസ്.<br>പെട്രോൾ പമ്പ് | VII/140 | 80,000 | 1000+250<br>11701101060<br>27-05-2017 | 2000+500 | 1250 |
| 3 | സബീന ലൂക്കോസ്,<br>പെട്രോൾ പമ്പ് | 3/328A | 2000 ലിറ്റർ | 1000+250<br>11701100216<br>10-04-2017 | 4000+1000 | 3750 |
| ആകെ | | | | | | 8000 |

കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2) ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുൻപും സമർപ്പിക്കേണ്ടതാകുന്നു. എന്നാൽ ആലക്കോട് ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | വാർഡ്/കെട്ടിട നം. | അപേക്ഷ തിയ്യതി |
|---|---|---|---|
| 1 | ആലക്കോട് റബ്ബർ & അഗ്രികൾ ച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം | XI/516,517,518 | 31-03-2018 |
| 2 | ഗ്രേസി ജോർജ്ജ് | VII/1076 | 28-03-2018 |

ചട്ടം അനുശാസിക്കും പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് നടപടിയെടുക്കേണ്ടതാണ്.

3) ആവശ്യമായ രേഖകൾ ഇല്ലാതെ ലൈസൻസ് അനുവദിക്കുന്നു

ആലക്കോട് ഗ്രാമപഞ്ചായത്ത് ഡി&ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ ആവശ്യമായ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളും ഉൾപ്പെടുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ/സ്ഥാപനം | വാർഡ്/കെട്ടിട നം. | ഡി&ഒ അനുവദിച്ച കാലയളവ് | ഇല്ലാത്ത രേഖകൾ |
|---|---|---|---|---|
| 1 | ടി.എം.മണി<br>സോഡാ നിർമ്മാണം | 7/818 | 2017-18 | പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് |
| 2 | സോമിച്ചൻ ജോസഫ്, കോഴി ഫാം | 11/553 | 2017-18 | പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് |

4) ഡി&ഒ ലൈസൻസ് അപേക്ഷകളിൽ ദിവസ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

2017-18 വർഷത്തെ ഹാജരാക്കിയ ഡി&ഒ ലൈസൻസ് അപേക്ഷകളിൽ ചില അപേക്ഷകളിൽ ദിവസ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | വാർഡ്/കെട്ടിട നം. | ആവശ്യം |
|---|---|---|---|
| 1 | പി.കെ.രഘു | XV/174 | കത്തി മറ്റ് കൃഷി ഉപകരണങ്ങൾ എന്നിവ ശേഖരിക്കുന്നതിനും വിൽക്കുന്നതിനും |
| 2 | ജനാർദ്ദനൻ.എ.ബി. | VII/286 | സ്റ്റേഷനറി കച്ചവടം |

ദിവസ വരുമാനമോ അന്വേഷണ റിപ്പോർട്ടോ ഇല്ലാത്ത അപേക്ഷകളിൽ ഈടാക്കിയ ലൈസൻസ് ഫീ കൃത്യതയുള്ളതാണോ എന്ന് ഉറപ്പു വരുത്തുവാൻ സാധിക്കുന്നില്ല. അപേക്ഷകൾ പൂർണ്ണമാണോ എന്ന് സെക്ഷനിലും തുടർന്ന മേലധികാരികളും ഉറപ്പു വരുത്തേണ്ടതാണ്.

5) അന്വേഷണ റിപ്പോർട്ട് ഇല്ലാത്ത അപേക്ഷകൾ

2017-18 വർഷത്തെ ചില അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ഇല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | വാർഡ്/കെട്ടിട നം. | സ്ഥാപനം |
|---|---|---|---|
| 1 | മാനേജർ, | VII/966 | സപ്ലൈകോ |

| | | | |
|---|---|---|---|
| | സപ്ലൈകോ സൂപ്പർമാർക്കറ്റ്, ആലക്കോട് | | സൂപ്പർമാർക്കറ്റ്, ആലക്കോട് |
| 2 | സിജി തോമസ് | XI/540 | ഫ്രഷ് ഫിഷ് കോൾഡ് സ്റ്റോറേജ് |

കൃത്യമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഡി&ഒ ലൈസൻസ് ഫീ നിശ്ചയിക്കേണ്ടതും അന്വേഷണ റിപ്പോർട്ട് അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

6) സമ്മതപത്രം ഹാജരാക്കുന്നില്ല:

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം കെട്ടിട ഉടമയുടെ സമ്മതപത്രം ഹാജരാക്കുന്നില്ല. 2017-18 വർഷം ഹാജരാക്കിയ ചില അപേക്ഷകളോടൊപ്പം സമ്മതപത്രം ഹാജരാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | വാർഡ്/കെട്ടിട നം. | സ്ഥാപനം |
|---|---|---|---|
| 1 | സജി സെബാസ്റ്റ്യൻ, | VII/1152,1153 | എസ്.എസ്.മോട്ടോർസ് |
| 2 | പി.ജെ.ജോസഫ് | VII/869 /A8,A9,A10 | പടിഞ്ഞാത്ത് ഫാഷൻ ജ്വല്ലേർസ് |

കെട്ടിട ഉടമയുടെ സമ്മതപത്രം കൂടാതെ ഡി &ഒ ലൈസൻസ് അനുവദിക്കാൻ പാടില്ല.

7) ഡി&ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ്

2016-17 വർഷത്തെ അപേക്ഷിച്ച് ഡി&ഒ ലൈസൻസ് ഫീ 2017-18 വർഷത്തിൽ വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഡി&ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. ആലക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേർസ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ഓരോ വാർഡിലും പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ വിവരം ഉൾപ്പെടുത്തി ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കുന്നത് വഴി ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസോടു കൂടിയാണോ പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാക്കുവാൻ സാധിക്കും. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങളും ഡി& ഒ ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി പിരിവ് 100% കൈവരിക്കുന്നതിനായി ജീവനക്കാരെ ചുമതലപ്പെടുത്തുകയും നികുതി പിരിവിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിൽ വരുത്തിയോ എന്ന് പരിശോധിക്കേണ്ടതും നികുതി പിരിവുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ

കൈക്കൊള്ളേണ്ടതുമാണ്.

## 2-4 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ പ്രകാരം കോഴി ഫാമുകൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ആവശ്യമാണ്. എന്നാൽ ആലക്കോട് ഗ്രാമ പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ/സ്ഥാപനം | വാർഡ് / കെട്ടിട നം. | ഡി&ഒ ലൈസൻസ് ഫീ ഒടുക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | സാജൻ ടി.സി,<br>മൊറാനി പൌൾട്രി ഫാം | IX/297A | 100<br>11601104219<br>21-20-2017 |
| 2 | സോമിച്ചൻ ജോസഫ്,<br>കരുവൻചാൽ പൌൾട്രി ഫാം | VII/62N | 100+25<br>11701100252<br>11-04-2017 |
| 3 | പി.വി.ദാമോദരൻ,<br>ജയലക്ഷ്മി കോഴി വളർത്തു കേന്ദ്രം | XIX/331C | 200+50<br>11701100418<br>19-04-2017 |
| 4 | ഫ്രാൻസിസ് | I/201 | 100+25<br>11701100449<br>20-04-2017 |
| 5 | ഷാജി അബ്രഹാം,<br>ഐശ്വര്യ പൌൾട്രി ഫാം | XVIII/134A | 100+25<br>11701100492<br>21-04-2017 |
| 6 | ഡെന്നി,<br>വാഴപ്പള്ളിൽ പൌൾട്രി ഫാം | VI/181B | 100+25<br>38033/4<br>03-05-2017 |
| 7 | ജയേഷ്,<br>എസ്.ജെ.പൌൾട്രി ഫാം | XIII/307A | 200+50<br>11701100901 |

| | | | |
|---|---|---|---|
| | | | 17-15-2017 |
| 8 | സിബി ജോർജ്ജ്,<br>സെന്റ് ജോസഫ് പൌൾട്രി ഫാം | IX/333A | 200+50<br>11701101329<br>13-06-2017 |
| 9 | ആഗസ്റ്റി മറ്റത്തിൽ,<br>മറ്റത്തിൽ പൌൾട്രി ഫാം | XVIII/500A | 200+50<br>11701102396<br>29-08-2017 |
| 10 | ബിജു തോമസ്,<br>പുതുക്കളത്തിൽ പൌൾട്രി ഫാം | XV/257A3 | 300<br>11701102765<br>28-09-2017 |

ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരത്തിൽ നികുതി നഷ്ടം ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി നൽകൽ:

1) സർക്കാർ ഉത്തരവ് (എം.എസ്)നം.80/2017/ത.സ്വ.ഭ.വ തീയതി 03-04-2017 പ്രകാരം പക്ഷി മൃഗാദികളെ വിതരണം ചെയ്യുമ്പോൾ ജില്ലാതലത്തിൽ നിശ്ചയിച്ച വിലയുടെ അടിസ്ഥാനത്തിലായിരിക്കണം സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടതെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി നം.13/27-07-2018 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും കുടുംബശ്രീ വനിതകൾക്ക് കറവ പശു വിതരണം, വനിതകൾക്ക് ആട് വിതരണം എന്നീ പ്രൊജക്ടുകളിൽ കറവ പശുവിന്റെയും ആടിന്റെയും ജില്ലാതലത്തിൽ നിശ്ചയിക്കപ്പെട്ട വില എത്രയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. പകരം കറവ പശുവിന് 50,000/- രൂപ, ആടിന് 25,000/- രൂപ എന്നിങ്ങനെ വില കണക്കാക്കി പരമാവധി അനുവദനീയമായ സബ്സിഡി നിരക്കുകളായ 25,000/- രൂപ (കറവ പശു), 10,000/- രൂപ (ആട്) വീതം വിതരണം ചെയ്യുകയായിരുന്നു. വളർത്ത് മൃഗങ്ങൾക്കും പക്ഷികൾക്കും സബ്സിഡി അനുവദിക്കുമ്പോൾ ജില്ലാതല വിലയുടെ അടിസ്ഥാനത്തിൽ മാത്രം അനുവദിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2) സർക്കാർ ഉത്തരവിനെ മറികടന്ന് വർക്കിംഗ് ഗ്രൂപ്പ് തീരുമാനം - സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി:

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം വളർത്തു മൃഗങ്ങളെ വാങ്ങുന്നതിന് ഗുണഭോക്താക്കൾക്ക് നൽകുന്ന സബ്സിഡി മൃഗങ്ങളെ വിൽക്കുന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ കുടുംബശ്രീ വനിതകൾക്ക് കറവ പശു, ആട് വളർത്തൽ (വനിത) എന്നീ പ്രൊജക്ടുകളിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡിയും ഗുണഭോക്തൃ വിഹിതവും ചേർന്നുള്ള മുഴുവൻ തുകയും നിക്ഷേപിക്കുകയാണുണ്ടായത്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി 10-11-2017-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നതിന് തീരുമാനിക്കുകയും തദനുസരണമായി നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവർത്തിക്കുകയുമാണുണ്ടായത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി പഞ്ചായത്ത് തല സമിതികൾ തീരുമാനമെടുക്കുന്നതും നിർവ്വഹണ ഉദ്യോഗസ്ഥർ അതിനനുസരിച്ച് പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതും ശരിയായ നടപടിയല്ല. സർക്കാർ ഉത്തരവിന്റെ ഉദ്ദേശ ശുദ്ധി ഇല്ലാതാക്കുന്ന ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കേണ്ടതിലേക്ക് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 അംഗൻവാടി പോഷകാഹാരം -അപാകങ്ങൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അംഗൻവാടി പോഷകാഹാരം 2017-18 |
| പ്രൊജക്ട് നമ്പർ | 40/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ<br>₹26,00,000 | :₹18,00,000 വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം)<br>₹8,00,000 കേന്ദ്രാവിഷ്കൃത ഫണ്ട്. |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രൊജക്ടിൽ ആലക്കോട് ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെട്ട അംഗനവാടികളിൽ പോഷകാഹാര വിതരണം ആയിരുന്നു ലക്ഷ്യം. പ്രസ്തുത പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(എ) സ്റ്റോക്ക് പൊരുത്തപ്പെടുന്നില്ല.

ബിൽ പ്രകാരം വാങ്ങിയ സാധനങ്ങളും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ അംഗനവാടികളിൽ വിതരണം ചെയ്ത സാധനങ്ങളുടെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ബിൽ നം. തി./ തുക | സപ്ലൈകോ ബിൽ നമ്പർ. തിയ്യതി | ഇനം | ബിൽ പ്രകാരം വാങ്ങിയ സാധനങ്ങൾ (കി.ഗ്രാം) | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ അങ്കണ വാടികളിൽ വിതരണം ചെയ്ത സാധനങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | (കി.ഗ്രാം) |
| 1 | 8/17-18<br>28-02-2018<br>₹3,37,833 | 1,79,314<br>18-12-2017 | ഉഴുന്ന് | 298 | 293 |
| 2 | 8/17-18<br>28-02-2018<br>₹337833 | 179745<br>05-01-2018 | ഗോതമ്പ് | 3550 | 3450 |
| 3 | 5/17-18<br>10-01-18<br>₹404990 | രസീത്<br>നമ്പർ 88<br>16-12-2017 | ന്യൂട്രിമിക്സ് | 1758.375 | 1711.125 |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്. കുട്ടികൾക്കുള്ള അനുപൂരക പോഷകാഹാരങ്ങളുടെ കൃത്യമായ ലഭ്യത ഉറപ്പാക്കുവാനും അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ പരിശോധിക്കാനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ബി) ഗ്യാസിന്റെ വില രണ്ടു പ്രാവശ്യം നൽകി:

ബിൽ നം.1, തിയ്യതി - 29-07-2017, തുക – ₹74,461

മേൽപ്പറഞ്ഞ ബിൽ പ്രകാരം ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ പച്ചക്കറി, മുട്ട, ഗ്യാസ് എന്നിവയുടെ ചെലവിനത്തിൽ വിവിധ അങ്കണവാടി വർക്കർമാർക്ക് തുക നൽകിയിരുന്നു. ഇതിൽ ഒരേ വൗച്ചറിന് തന്നെ രണ്ടു തവണ തുക അനുവദിച്ചിരിക്കുന്നതായി കാണുന്നു. മെയ് മാസം വിതരണം ചെയ്ത ഗ്യാസ് സിലിണ്ടറുകളുടെ വില ജൂൺ മാസത്തെ സ്റ്റേറ്റുമെന്റിലും ഉൾപ്പെടുത്തി കാണുന്നു. ഇത്തരത്തിൽ ഗ്യാസിന്റെ വിലയായി ₹8504 അധികം നൽകി. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അങ്കണവാടി നം./പേര് | വർക്കറുടെ പേര് | അധികമായി നൽകിയ തുക |
|---|---|---|---|
| 1 | 100/കക്കോട് | ശാരദ പി. | 709 |
| 2 | 105/ഫർലോംഗ്കര | ഷിജി ജോൺ | 797 |
| 3 | 106/രയരോം | ആയിഷ പി.സി. | 679 |
| 4 | 109/കുട്ടാപരമ്പ് | സിൽവി ഒ.വി. | 679 |
| 5 | 112/ഒറ്റത്തൈ | ലീലാമ്മ എം.എഫ് | 679 |
| 6 | 114/കുടപ്രം | സുലൈഖ പി.എം. | 709 |
| 7 | 118/പുളിയിലംകുണ്ട് | ബിന്ദു എം.കെ. | 797 |
| 8 | 120/കോളി | ഷൈലജ കെ.എൻ. | 679 |
| 9 | 121/കാക്കക്കടവ് | ഷീന കെ.സി. | 679 |
| 10 | 128/പെരുവട്ടം | പ്രസന്നകുമാരി | 709 |
| 11 | 133/കപ്പണ | ഗൗരി എ.ആർ. | 679 |
| 12 | 134/കാരയാട് | ഏലിക്കുട്ടി കെ.ജെ. | 709 |
| ആകെ | | | 8504 |

അധികം നൽകിയ ₹8504 തിരികെ ഒടുക്കേണ്ടതാണ്.

(സി) വൗച്ചറുകൾ ഹാജരാക്കിയില്ല

പൂരക പോഷകാഹാര വിതരണത്തിനായി വിവിധ അങ്കണവാടികളിൽ വിവിധ മാസങ്ങളിൽ പച്ചക്കറി, മുട്ട, പാൽ, ഗ്യാസ് എന്നിവ വിതരണം ചെയ്യുന്നതിനായി താഴെ പറയുന്ന ബിൽ/ചെക്ക് പ്രകാരം ചെലവഴിച്ച തുകയിൽ 47,600/- രൂപയുടെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ബിൽ /ചെക്ക് നം./തിയ്യതി/ തുക | റിമാർക്സ് | ഹാജരാക്കാൻ ബാക്കിയുള്ളത് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബിൽ നം.6<br>തിയ്യതി.10-01-2018<br>തുക -₹26,780 | ഒക്ടോബർ മാസത്തെ പച്ചക്കറി, മുട്ട, ഗ്യാസ് എന്നീ ഇനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുക | ₹8698 |
| 2 | ചെക്ക് നം.2520058<br>തിയ്യതി.19-03-18<br>തുക.₹86,126 | നവംബർ മാസത്തെ പച്ചക്കറി, മുട്ട, ഗ്യാസ്, ഡിസംബർ,ജനവരി, ഫെബ്രുവരി മാസങ്ങളിലെ മുട്ട ഗ്യാസ് എന്നീ ഇനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുക | ₹29496 |
| 3 | ചെക്ക് നം.2520070<br>തിയ്യതി.31-03-2018<br>തുക.₹3,24,854/- | മാർച്ച് മാസത്തെ പച്ചക്കറി മുട്ട, ഗ്യാസ് എന്നീ ഇനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുക | ₹9406 |
| ആകെ | | | ₹47,600 |

47,600/- രൂപയുടെ വൗച്ചറുകൾ ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 47,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
മേൽപ്പറഞ്ഞ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 മാനസിക ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | മാനസിക ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം |
| പ്രൊജക്റ്റ് നമ്പർ | 41/17-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ<br>₹1000000 | :₹5,00,000 വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം)<br>₹2,50,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹2,50,000 ജില്ലാ പഞ്ചായത്ത് വിഹിതം |

| | |
|---|---|
| | |
| ചെലവ്<br>ബിൽ /ചെക്ക് നമ്പർ.........തുക/തിയ്യതി | :(1) 9/17-18-₹204600<br>22-03-2018<br>(2) 10/17-18-₹295400<br>29-03-2018<br>(3) ചെക്ക് നം.0065553-<br>₹2,50,000/31-03-2018 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രൊജക്റ്റിൽ ആലക്കോട് ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെട്ട ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക ആയിരുന്നു ലക്ഷ്യം. പ്രസ്തുത പ്രൊജക്റ്റിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(a) ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമായില്ല.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക ലക്ഷ്യമാക്കിയ പ്രൊജക്റ്റിന്റെ ആകെ അടങ്കൽ ₹1000000 ആണ്. തുകയുടെ 50% (₹500000) ഗ്രാമ പഞ്ചായത്ത് വിഹിതവും 25% (₹250000) വീതം ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് വിഹിതവും കണക്കാക്കിയാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതം ₹2,50,000 നാളിതുവരെയായി ലഭ്യമായിട്ടില്ല. ഈ തുക ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പെട്ട ശാരീരിക മാനസിക വൈകല്യം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടിയിരുന്ന തുക നഷ്ടപ്പെട്ട സാഹചര്യമാണ് ഉണ്ടായത്. ലഭിച്ച തുകയുടെ അപര്യാപ്തത മൂലം എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിൽ സ്കോളർഷിപ്പ് വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്താൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.

## 3-4 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ-സർക്കാർ നിർദേശം പാലിച്ചില്ല. 30,100 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1) പ്രോജക്ട് - 26/18 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് സി)

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 73,100 (SCP)

ബിൽ നമ്പർ- 17190952000801170978 dt-14/3/18 - 73079

2) പ്രോജക്ട് - 33/18 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് ടി)

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 76,900 ( വികസന ഫണ്ട്)

500 (തനത്)

ആകെ ----77,400

ബിൽ നമ്പർ- 17190952000801170981 dt-14/3/18 -76900

ചെക്ക് നമ്പർ- 771745/31/3/18--- 477/-

സർക്കാർ ഉത്തരവ് (എം‌എസ്)80/17/തസ്വഭവ തീയതി 03-04-2017 ഖണ്ഡിക പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽ പെട്ട 60 വയസ്സ് കഴിഞ്ഞവർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനു വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ഇവ വിതരണം ചെയ്തവരിൽ താഴെ പ്രതിപാദിക്കുന്നവർ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 14/17-18 ന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ 7 പേർക്ക് നൽകിയ (4300 x 7) 30,100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | വിഭാഗം | പേര്, മേൽവിലാസം |
|---|---|---|
| 1 | എസ്.സി | കമലാക്ഷി അമ്മാനത്ത് |
| 2 | എസ്.സി | സരോജിനി നമ്പിലത്തിൽ |
| 3 | എസ്.സി | ഗൗരി പ്ലാക്കൻ |
| 4 | എസ്. ടി | കല്യാണി ചീമേനി പുരയിൽ |
| 5 | എസ്. ടി | നാരായണി കേരയിൽ |
| 6 | എസ്. ടി | ജാനകി പുതിയവീട്ടിൽ |
| 7 | എസ്. ടി | ചെറിയ ഇളയോടൻ |

## 3-5 വാട്ടർ ടാങ്ക് വിതരണംസർക്കാർ നിർദേശം പാലിച്ചില്ല. 78,625/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1) പ്രോജക്ട് - 215/18 വാട്ടർ ടാങ്ക് വിതരണം (എസ് സി)

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 1,17,900(SCP)

39350(ഗുണഭോക്തൃവിഹിതം)

ആകെ- 1,57,250

ബിൽ നമ്പർ- 17190952000801153869 dt-12/3/18 -1,17,900

ചെക്ക് നമ്പർ- 771746 dt-13/4/18 -39,350

2) പ്രോജക്ട് - 218/18 വാട്ടർ ടാങ്ക് വിതരണം (എസ് ടി)

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 2,32,100(SCP)

1,342 (തനത്)

77,126ഗുണഭോക്തൃവിഹിതം

ബിൽ നമ്പർ- 17190952000801153868 dt-12/3/18 -2,31,084

ചെക്ക് നമ്പർ- 771744 dt-13/4/18 -77,126

സർക്കാർ ഉത്തരവ്(എംഎസ്)80/17/തസ്വഭവ തീയതി 03-04-2017 ഖണ്ഡിക 8-5 പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ജലക്ഷാമം അനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിൽ പെട്ട കുടുംബങ്ങൾക്ക് ജലസംഭരണത്തിനായി 500 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്ക് നൽകുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ആയതിനായി മുകളിൽ വിവരിച്ചത് പ്രകാരം പിൻവലിച്ച് വാട്ടർ ടാങ്കുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. മേൽ ഉത്തരവു പ്രകാരം ഈ പ്രോജക്ട് പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടാങ്ക് വിതരണം ചെയ്തവരിൽ താഴെ പ്രതിപാദിക്കുന്നവർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 8/17-18, 9/17-18 എന്നിവയ്ക്ക് നൽകിയ മറുപടിയിൽ ആയത് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. ആയതിനാൽ 25 പേർക്ക് നൽകിയ 78,625/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | വിഭാഗം | പേര്, മേൽവിലാസം |
|---|---|---|
| 1 | എസ് സി | ദാമു കൊയിലേരിയൻ, ചിറ്റടി |
| 2 | എസ് സി | ഷീബ പുതിയപുരയിൽ |

| | | |
|---|---|---|
| 3 | എസ് സി | ഗീത, ചിറ്റടി |
| 4 | എസ് സി | സുലോചന, 'ദീപം', നെടുവോട് |
| 5 | എസ് സി | പത്മിനി ഇടമന |
| 6 | എസ് സി | ജാനകി നിരീച്ചൻ |
| 7 | എസ് ടി | അമ്മിണി കൃഷ്ണൻ, പന്നിയൂർ |
| 8 | എസ് ടി | നാരായണി കേളൻ, കല്ല |
| 9 | എസ് ടി | ചന്ദ്രിക തോയൻ |
| 10 | എസ് ടി | മച്ചിനി കുഞ്ഞിരാമൻ, കുളാമ്പി |
| 11 | എസ് ടി | കുഞ്ഞിരാമൻ പുലിക്കിരി |
| 12 | എസ് ടി | കുഞ്ഞമ്പു കല്ല, കുളാമ്പി |
| 13 | എസ് ടി | ബിജു പുലിക്കിരി, കുളാമ്പി |
| 14 | എസ് ടി | ഷൈല പുലിക്കിരി, കുളാമ്പി |
| 15 | എസ് ടി | കുംബ അവിടുത്ത്, നെല്ലപ്പാറ |
| 16 | എസ് ടി | മാധവി പോത്തേര |
| 17 | എസ് ടി | നളിനി പോത്തേര |
| 18 | എസ് ടി | പങ്കജാക്ഷൻ, തിമിരി |
| 19 | എസ് ടി | രാധ ഇളയിടത്ത്, തിമിരി |
| 20 | എസ് ടി | വിനോദ് പുതിയവീട്ടിൽ |

| | | |
|---|---|---|
| 21 | എസ് ടി | ലീല കേരയിൽ |
| 22 | എസ് ടി | ലക്ഷ്മി ഇളയിടത്ത് |
| 23 | എസ് ടി | സോമൻ കേരയിൽ |
| 24 | എസ് ടി | കാർത്യായനി കണ്ണൻ, കുടപ്രം |
| 25 | എസ് ടി | തങ്കമണി കുറുവാട്ടു വീട്ടിൽ |

## 3-6 വിവാഹധനസഹായം -സർക്കാർ നിർദേശം പാലിച്ചില്ല. 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - 2/18 വിവാഹധനസഹായം (എസ് ടി)

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 10,47,000/- (SCP)

1,53,000/- (TSP)

ആകെ - 12,00,000/-

ബിൽ നമ്പർ- 17190952000705212 dt-20/11/17 -6,25,000/-

ബിൽ നമ്പർ- 171909520001079082 dt-27/2/18 -75,000/-

സർക്കാർ ഉത്തരവ് (എംഎസ്)) 80/17/തസ്വഭവ തീയതി 03-04-2017 പ്രകാരം പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ആയതിനായി മുകളിൽ വിവരിച്ച ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പ്രതിപാദിക്കുന്നവർ പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/17-18 ന് നൽകിയ മറുപടിയിൽ ആയത് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. ആയതിനാൽ 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പേര്,മേൽവിലാസം | തുക |
|---|---|---|
| 1 | രാജമ്മ, കണ്ണാഹൗസ്, വിജയഗിരി | 75,000 |
| 2 | ശാരദ സികെ, ചപ്പിലിഹൗസ്, നരിയിംപാറ | 75,000 |

| | | |
|---|---|---|
| 3 | ഗീത സി കെ | 75,000 |
| 4 | ചിന്താമണി ചന്ദ്രൻ, അവിടുത്ത് ചിറ്റടി | 75,000 |
| 5 | ഓമന പികെ, പുലിക്കിരി | 50,000 |
| 6 | കമല പികെ പയ്യൻ വീട്ടിൽ | 75,000 |
| 7 | ജിജി വാസുദേവൻ പയ്യൻ വീട്ടിൻ | 75,000 |
| | ആകെ | 5,00,000 |

## 3-7 വാദ്യോപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല. രൂപയുടെ ചെലവ് 52,500/- തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - 20/18 പട്ടികജാതി യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ നൽകൽ (എസ്.സി)

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 50,000 ( SCP)

2,500 (ഗുണഭോക്തൃ വിഹിതം)

ആകെ ----52,500

ബിൽ നമ്പർ- 17190952000801079733 dt-27/2/18 -50,000

ചെക്ക് നമ്പർ- 76239/31/3/18--- 2500/-

ആകെ ചെലവ്- 52,500

സർക്കാർ ഉത്തരവ്(എംഎസ്)80/17/തസ്വഭവ തിയതി 03-04-2017 ഖണ്ഡിക പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള പട്ടികജാതി യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിനു വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ നിന്നും, എലൈറ്റ് ഇക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 29/8-2-18, 30/8-2-18 എന്നിവ പ്രകാരം 52,500/- രൂപയുടെ വാദ്യോപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇവയുടെ ചെലവ് വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ ഓഡിറ്റ് അന്വേഷണം നമ്പർ 14/17-18 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും, മറുപടി ലഭ്യമാക്കിയില്ല. വാങ്ങിയ വാദ്യോപകരണങ്ങൾ പഞ്ചായത്ത് ഓഫീസിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി പ്രകാരം വാങ്ങിച്ച സാധനങ്ങൾ യഥാസമയം അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുക എന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഈ കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്റെ ചുമതല യഥാസമയം

നിർവ്വഹിച്ചിട്ടില്ല. പദ്ധതി നിർവ്വഹണം യഥാസമയം നടത്തിയിട്ടുണ്ടോ എന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിച്ചിട്ടില്ല. പദ്ധതി രൂപീകരണം മുതൽ മോണിറ്ററിംഗ് വരെയുള്ള നടപടിക്രമങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഇലക്ട്രിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വാദ്യോപകരണങ്ങൾ വാങ്ങിയതിന്റെ സാംഗത്യവും പരിശോധിക്കപ്പെടേണ്ടതാണ്. വാങ്ങിയ വാദ്യോപകരണങ്ങൾ വിതരണം ചെയ്യുകയോ, അല്ലെങ്കിൽ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ചെലവു തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. 52,500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 ആലക്കോട് അംഗൻവാടിക്ക് വേണ്ടി വാങ്ങിയ സ്ഥലത്തിന്റെ പോക്കുവരവ് നടത്തി നികുതി അടവാക്കിയില്ല.

പ്രോജക്ട് - 81/18 ആലക്കോട് അംഗൻവാടിക്ക് സ്ഥലം വാങ്ങൽ

അടങ്കൽ- 700000/- (തനത് ഫണ്ട്)

നിർവഹണം- സെക്രട്ടറി

ചെക്ക് നമ്പർ- 2520032 dt 7/12/17 – 600000/-

ആലക്കോട് അംഗൻവാടിക്ക് കെട്ടിടം നിർമിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനു വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ആയതിനായി ശൈലജ വർമ എന്ന വ്യക്തിയിൽ നിന്നും 5 സെന്റ് സ്ഥലം വാങ്ങുകയും, മേൽ വിവരിച്ച പ്രകാരം പിൻവലിച്ച് 6 ലക്ഷം രൂപ പ്രതിഫലമായി നൽകുകയും ചെയ്തിട്ടുണ്ട്. ആലക്കോട് സബ് റജിസ്ട്രാർ ഓഫീസിലെ ആധാരം നം. 3085/17 സ്ഥലം റജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലേക്ക് പോക്കുവരവ് നടത്തുകയോ, നികുതി അടവാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/17-18 ന് നൽകിയ മറുപടിയിൽ പോക്കു വരവ് നടത്തി നികുതി അടവാക്കിയില്ല എന്ന മറുപടിയാണ് നൽകിയത്. ആയത് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 പ്രവൃത്തി പൂർത്തീകരണ സർടിഫിക്കറ്റ് ഹാജരാക്കിയില്ല.44,31,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - 6/18 ജലനിധി വിഹിതം കൈമാറൽ

നിർവഹണം- സെക്രട്ടറി

അടങ്കൽ- 44,31,100 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

1) ബിൽ നമ്പർ- 17190952000700285228 dt-22/7/17 -38,50,000

2) ബിൽ നമ്പർ- 17190952000700663412 dt-10/11/17 -5,81,100

ആകെ – 44,31,000

ആലക്കോട് ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജലനിധി

പ്രോജക്ട് നടപ്പിലാക്കുന്നതിന് വിഹിതം കൈമാറുന്നതിനു വേണ്ടിയാണ് ഈ പ്രോജക്ട് നടപ്പിലാക്കിയത്. മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകൾ ജലനിധിയുടെ ആലക്കോട് ബ്രാഞ്ചിലേക്ക് (അക്കൗണ്ട് നമ്പർ- 32834816183) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന്റെ പ്രവൃത്തി പൂർത്തീകരണ സർടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 44,31,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രതികൂല കാലാവസ്ഥ കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ 30-09-2018 വരെ പദ്ധതി കാലാവധി നീട്ടിയതായും മാർച്ച് 31 വരെ 24,31,565/- രൂപ ചെലവഴിച്ചതായും ഓഡിറ്റ് അന്വേഷണം നമ്പർ 6/2017-18-നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 3-10 പട്ടികജാതി /വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം-13 പേർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണം:ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്. പരപ്പ.

പ്രോജക്ട് നം:197/18

ബിൽ നം:3/16-3-2018,തുക 1,13,400/- രൂപ

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18-ൽ നടപ്പിലാക്കിയ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം 22 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 14 പട്ടിക ജാതി വിദ്യാർത്ഥികൾക്കും നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതനുസരിച്ച് 1,13,400/- രൂപ (3150X36) ചെലവഴിച്ച് ആർട്ട്കോ ലിമിറ്റഡ് കോഴിക്കോട് നിന്നും 36 മേശയും 36 കസേരയും വാങ്ങുകയും ചെയ്തു. എന്നാൽ 23 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നമ്പർ 5/2017-18) നൽകിയ മറുപടിയിൽ ലിസ്റ്റിൽ വന്ന അപാകത മൂലം വിതരണം ചെയ്യുവാൻ കാലതാമസമുണ്ടായി എന്നും ഉടൻ വിതരണം പൂർത്തിയാക്കി വിവരം ലഭ്യമാക്കുന്നതാണെന്ന് വ്യക്തമാക്കുകയുണ്ടായി. ഭരണസമിതിയുടെ 27-3-2018-ലെ 47/18(3)-ാം നമ്പർ തീരുമാന പ്രകാരമുള്ള ലിസ്റ്റിലെ താഴെ ചേർക്കുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ രേഖകളാണ് ലഭ്യമാക്കാത്തത്.

| ക്രമ നം. | പേര് | വിഭാഗം | പഠിക്കുന്ന ക്ലാസ് | സ്കൂൾ |
|---|---|---|---|---|
| 1 | വിഷ്ണു പി.എസ്. S/o. ഷാജി. | എസ്.ടി | X | എൻ.എസ്.എസ് ആലക്കോട് |
| 2 | അജയ് വി, S/o. ഉണ്ണി. | | X | |

| | | | | |
|---|---|---|---|---|
| 3 | ദേവ് കിഷൻ S/o.ഇ സുരേന്ദ്രൻ. | | IX | |
| 4 | വിശാഖ് പി വി. S/o. ബിനോയി. | | IX | |
| 5 | വിസ്മയ വിനോദ് D/o.വിനോദ്. | | VIII | |
| 6 | സനീഷ് എ S/o.ബാലൻ. | | X | ജി.എച്ച്.എസ്.രയരോം. |
| 7 | ഷിജിന പന്നിയൂർ D/o. ശ്രീധരൻ. | | X | |
| 8 | സുജിത്ത് പി. S/o. സുരേന്ദ്രൻ. | | IX | |
| 9 | ആദിത്യ വേണു, D/o. വേണു. | | VII | ജി.എച്ച.എസ്.തിമിരി. |
| 10 | തേജസ്വിനി എസ്.കുമാർ, D/o. സുരേഷ് കുമാർ. | എസ്.സി. | X | എൻ.എസ്.എസ്. ഹൈസ്കൂൾ ആലക്കോട്. |
| 11 | വൈഷ്ണവി മനോജ് S/o. മനോജ് കുമാർ. | | X | |
| 12 | മാനസ എസ്.കുമാർ D/o. സുരേഷ് കുമാർ. | | VIII | |
| 13 | തീർഥ പി.വി D/o. ഉത്തമൻ. | | X | ജി.എച്ച്.എസ്. രയരോം. |

13 വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്തതിന്റെ രേഖകൾ

ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 40,950/- (3150X13) രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 16,00,000 | തിമിരി ശ്മശാനം | - | 16,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 12,40,000 | പാലുത്പാദക ബോണസ് | 10,24,158 | 215842 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,50,000 | മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 2,50,000 | - |
| ജില്ലാപഞ്ചായത്ത് | 2017-18 | 12,40,000 | പാലുത്പാദക ബോണസ് | 10,24,158 | 2,15,842 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| GWD | കാപ്പിമല സ്കൂളിന് കുഴൽകിണർ | ബിൽ.നം.51/17-18 തീയതി 28.02.18 (67,000/- രൂപ) ചെക്ക് നം. 25200052/07.03.18 (13,000/- രൂപ) | 80,000 | 80,000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം എസ് ഭവനനിർമാണ പദ്ധതി | 274/2010 dt. 27-1-2010 | 2,40,75,000 | 80,04,132 | 26,75,000 | | 53,29,132 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13,167/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2001-02 | 3.3(1) | 6931 | ശ്രീ.പി.കെ.രാധാകൃഷ്ണൻ, കൃഷി ഓഫീസർ | 11701107594/ 13-03-2018 |
| 2001-02 | 3.3(2) | 6236 | ശ്രീ.പി.കെ.രാധാകൃഷ്ണൻ, കൃഷി ഓഫീസർ | 11701107594/ 13-03-2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 6 | 2003-04 | 3.13.14 | സാമൂഹ്യജലസേചന പദ്ധതി | സമിതിയുടെ പരിഗണനയിൽ |
| 2001-02 | 6,7,8 | 2004-05 | 3.13.1.7 | പദ്ധതി വിഹിതം | സമിതിയുടെ പരിഗണനയിൽ |
| 2001-02 | 3.3 | 2005-06 | 85.3 | തേയില കൊതുക് നിവാരണം | സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

2017-18 സാമ്പത്തിക വർഷം ചാർജ്ജ്/സർചാർജ്ജ് നടപടിയിലൂടെ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം:

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,99,66,597 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,33,81,214 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 17,985 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8,504 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 51,80,775 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരംഃ

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
| 2-1(2) | 9,678 | | ശ്രീ.എൻ.എൻ.പ്രസന്നൻ, സെക്രട്ടറി |
| 2-1(6) | 307 | | |
| 2-3(1) | 8,000 | | |
| 3-2(ബി) | | 8,504 | ശ്രീമതി.ശ്രീലത.പി.വി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(സി) | 47,600 | ശ്രീലത സി കെ, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-4 | 30,100 | ബാബുലാൽ എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 78,625 | ബാബുലാൽ എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 5,00,000 | ബാബുലാൽ എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 52,500 | ബാബുലാൽ എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 44,31,000 | എൻ എൻ പ്രസന്നകുമാർ, സെക്രട്ടറി |
| 3-10 | 40,950 | സതീശൻ എം, ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-1, 2-2, 2-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീലത സി.കെ, ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ | 'ശ്രീനാരായണ', മുഴപ്പിലങ്ങാട്, കണ്ണൂർ |
| ബാബുലാൽ എൽ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | ഇല്ലിക്കൽ ഹൗസ്, കൊമ്മാടി, ആലപ്പുഴ |
| എൻ എൻ പ്രസന്നകുമാർ, സെക്രട്ടറി | സെക്രട്ടറി | നടുവിലെ മുറിയിൽ, മണക്കടവ്, ആലക്കോട് |
| സതീശൻ എം, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ | 'അനുഗ്രഹം', മുരിങ്ങേരി, കണ്ണൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | LF/KNR/C-3/543/18 dt 25-04-2018 | 1 |
| 2001-02 | LF/KNR/C-3/543/18 dt 25-04-2018 | 4 |
| 2003-04 | LF/KNR/C-3/543/18 dt 25-4-18 | 2 |
| 2004-05 | LF/KNR/C-3/543/18 dt 25-4-18 | 5 |
| 2005-06 | LF/KNR/C-3/543/18 dt 25-4-18 | 5 |
| 2006-07 | LF/KNR/C-3/543/18 dt 25-4-18 | 9 |

| | | |
|---|---|---|
| 2007-08 | LF/KNR/C-3/543/18 dt 25-4-18 | 13 |
| 2008-09 | LF/KNR/C-3/543/18 dt 25-4-18 | 7 |
| 2009-10<br>2010-11<br>2011-12 | LF/KNR/C-3/543/18 dt 25-4-18 | 23 |
| 2012-13<br>2013-14 | LF/KNR/C-3/543/18 dt 25-4-18 | 14 |
| 2014-15 | KSA/KNR/C-6/1458/16 dt 08-08-16 | 11 |
| 2015-16 | KSA/KNR/C-3/66/17 dt 07-02-17 | 18 |
| 2016-17 | KSA/KNR/C-3/980/17 dt 30-06-17 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ/കെ.എൻ.ആർ/സി.13/1574/2018.

തിയതി: 21-11-2018.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22-05-2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF ALAKODE GRAMA PANCHAYAT FOR THE PERIOD FROM 01-4-2017 TO 31-3-2018

| Code No. | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 21441036.00<br>96592.00 |
| | Receipts | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 1328190.00 |
| 130000000 | RentalIncome From Panchayat Properties | RP-3 | 60000.00 |
| 140000000 | Fees & User Charges | RP-4 | 894880.00 |
| 150000000 | Sale & Hire Charges | RP-5 | 220441.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 62954051.00 |
| 171000000 | Interest Earned | RP-9 | 189544.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 43589810.00 |
| 350000000 | Other Liabilities | RP-36 | 254591.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 15255.00 |
| 311000000 | Earmarked Funds | RP-29 | 6661.00 |
| 340000000 | Deposits Received | RP-34 | 68550.00 |
| 350000000 | Other Liabilities | RP-36 | 603696.00 |
| 410000000 | Fixed Assets | RP-38 | 46302.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9422061.00 |
| 460000000 | Loans, Advances and Deposits | RP-47 | 312565.00 |

| | | | |
|---|---|---|---|
| Grand Total | | | 14,15,04,225 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 4507338.00 |
| 220000000 | Administrative Expenses | RP-12 | 2220018.00 |
| 230000000 | Operations & Maintenance | RP-13 | 20105021 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 12088805.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 16937264.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 6424263.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 4877036.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 328440.00 |
| 255000000 | Maintance Projects | RP-20 | 9157003.00 |
| 256000000 | Other Revenue Grants & Funds-Revenue Expenses | RP-21 | 27580.00 |
| 280000000 | Prior Perid Items | RP-26 | -189609.00 |
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 45906.00 |

| | | | |
|---|---|---|---|
| 350000000 | Othes Liabilities | RP-36 | 15121366.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP_14 | 13010.00 |
| 280000000 | Prior Period Item | RP-26 | -73666 |
| 311000000 | Earmarked Funds | RP-29 | 1087 |
| 330000000 | Secured Loans | RP-32 | 2675000 |
| 350000000 | Other Liabilities | RP-36 | 3011375.00 |
| 410000000 | Fixed Assets | RP-38 | 14345474.00 |
| 412000000 | Capital Work in Progress | RP-40 | 542618.00 |
| 460000000 | Loans, Advances and Deposits | RP-47 | 1215885.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 27825377.00<br>297634.00 |
| Grand Total | | | 141504225.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF ALAKODE GRAMA PANCHAYAT FOR THE PERIOD FROM 01-04-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 7512361.00 |
| 130000000 | Rental Income from panchayat properties | I-3 | 316924.00 |
| 140000000 | Fees & User Charges | I-4(b) | 1107880.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 220441.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 145846958.00 |
| 171000000 | Interest Earned | I-8 | 189544.00 |
| 180000000 | Other Income | I-9 | 15255 |
| A | Total Income | | 15,52,09,363 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11837947.00 |
| 220000000 | Administrative Expenses | I-11(b) | 2220018.00 |
| 230000000 | Operations & Maintenance | I-12(b) | 23918747.00 |
| 240000000 | Interest & Finance Charges | I-13 | 13010.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 15993309.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 35305398.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6424263.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 4877036.00 |
| 254000000 | Expense of Transferrred Institutions & State Spon. Schemes | I-14(d) | 69038440.00 |

| | | | |
|---|---|---|---|
| 255000000 | Maintance Projects | I-14(e) | 9157003.00 |
| 256000000 | Other Revenue Grants & Funds-Revenue Expenses | I-15(a) | 27580.00 |
| 270000000 | Provisions and Write off | I-16 | 353333.00 |
| 272000000 | Depreciation | I-17(a) | 5171912.00 |
| B | Total Expenditure | | 1,84,33,7,996.00 |
| C=A-B | Gross Surplus/Defict Income over Expenditure | | (29128633.00) |
| D= 280000000 | Prior Period Item | I-18 | (1458645.00) |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (27669988.00) |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-3

# BALANCE SHEET OF ALAKODE GRAMA PANCHAYAT AS ON 31-3-2018

| Code No. | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | (2377868.55) |
| 311000000 | Earmarked Funds | B-2 | 6660.00 |
| 312000000 | Reserves | B-3 | 168136415.00 |
| | Total Reserve & Surplus | | |

| | | | |
|---|---|---|---|
| | | | |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds, Contributions for specific purposes | B-4 | 10769277.00 |
| | Total Grants,Contribution for specific purposes | | 10769277.00 |
| 330000000 | Secured Loans | B-5 | 5329132.00 |
| | Total Loans | | 5329132.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 404753.00 |
| 350000000 | Other Liabilities | B-9 | 2178979.85 |
| | Total Current Liabilities and Provisions | | 2583732.85 |
| | TOTAL LIABILITIES | | 184447348.30 |
| | ASSETS | | |
| | Current liabilities and Provisions | | |
| 432000000 | Accumulated Provisions Against Debtors | B-15(a) | 00 |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 166471320.00 |
| 411000000 | Accumulated Depreciation | B-11 | (23505672.00) |
| 412000000 | Capital Work In Progress | B-11(a) | 6915786.00 |
| | Total Fixed Assets | | 149881434.00 |
| | Investments | | |
| 420000000 | Investments | | |
| | Total investments | | |
| | Current Assets,Loans and Advances | | |
| 430000000 | Stock inhand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 878572.30 |
| 440000000 | Pre paid Expences | B-16 | 5329132.00 |
| 450000000 | Cash and Bank balance | B-17 | 28123011.00 |
| 460000000 | Loans, Advances and Deposits | B-18 | 235199.00 |
| | Total Current Assets,Loans and Advances | | 34565914.30 |
| | TOTAL ASSETS | | 184447348.30 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.